**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1453

30.01.2018 ൽ
മറുപടിയ്ക്ക്

# ലാൻഡ് ട്രിബ്യൂണലിന്റെ പ്രവർത്തനം

**ചോദ്യം**
ശ്രീ.കെ.വി.വിജയദാസ്

**മറുപടി**
ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ലാൻഡ് ട്രിബ്യൂണലിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകുമോ;

(എ) സംസ്ഥാനത്ത് 17 ലാൻഡ് ട്രൈബ്യൂണലുകളും ദേവസ്വം കേസുകൾ കൈകാര്യം ചെയ്യാൻ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) ന്റെ 14 ദേവസ്വം ട്രൈബ്യൂണലുകളും നിലവിലുണ്ട്. ഏറ്റവും കൂടുതൽ കേസുകൾ കെട്ടിക്കിടക്കുന്ന തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിലെ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് അധിക ചുമതല നൽകിയിട്ടുമുണ്ട്.

(ബി) എൽ.ടി.യുടെ മുന്നിൽ വരുന്ന കേസുകളിൽ എത്ര എണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ട്; വിശദവിവരം നൽകുമോ;

(ബി) 31.12.2017 തീയതിയിലെ കണക്കുകൾ പ്രകാരം ലാൻഡ് ട്രൈബ്യൂണലുകളിൽ 105061 കേസുകളും ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളിൽ 29692 കേസുകളും തീർപ്പാക്കാൻ ബാക്കിയുണ്ട്.

(സി) കേസുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

(സി) കേരള ഭൂപരിഷ്കരണ നിയമം, 1963 വകുപ്പ് 74 പ്രകാരം 01.01.1970 ന ശേഷം കേരളത്തിൽ കുടിയായ്മ അവസാനിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീയതിക്ക് മുൻപ് കുടിയാന്മാർ, കുടികിടപ്പുകാർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട ആളുകൾ ഇപ്പോഴും അപേക്ഷ സമർപ്പിക്കുന്നുണ്ട്. കൂടാതെ ഇത്തരത്തിൽ ക്രയ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്കായി ലാൻഡ് ട്രൈബ്യൂണലുകൾ സ്വമേധയാ

കേസെടുക്കാറുണ്ട്. എന്നാൽ പട്ടയം ലഭിക്കാത്ത ഭൂമി പല ആളുകൾക്കായി സബ് ഡിവൈഡ് ചെയ്ത് പോകുമ്പോൾ പുതിയ കൈവശക്കാർ പട്ടയങ്ങൾക്കായി ലാന്റ് ട്രൈബ്യൂണലിൽ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യം ഉണ്ട്. സമയബന്ധിതമായി ക്രയ സർട്ടിഫിക്കറ്റ് നൽകുന്ന നടപടികൾ ലാൻഡ് ബോർഡ് സ്വീകരിക്കുകയും ആയതിൻമേൽ പ്രതിമാസ യോഗങ്ങളിലൂടെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.

Sindhya
സെക്ഷൻ ഓഫീസർ